(സി,ഡി,ഇ&എഫ്) നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ (II), (III), (IV), (VII)എന്നിവ അതേപടിയും മറ്റുള്ളവ ഭേദഗതികളോടെയും സർക്കാർ അംഗീകരിച്ച് 27-5-2000 ലെ ജി.ഒ.(പി.)36/2000/എസ്.സി-എസ്.റ്റി ഡി.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

റേഷൻ കടകളിലൂടെ മാവേലി സ്റ്റോർ സാധനങ്ങളും വില്ക്കാൻ നടപടി

20 (*20) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ സാധനങ്ങളുടെ വില വർദ്ധപ്പിച്ചതിനാൽ റേഷൻഷോപ്പുകളിൽ അരിയും മറ്റു റേഷൻ സാധനങ്ങളും വില്പന നടക്കാതിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റേഷൻ ഷോപ്പുകാരെ പുനരധിവസിപ്പിക്കുന്നതിനു റേഷൻ കടകളെ മാവേലി സ്റ്റോറിന്റെ ഫ്രാഞ്ചൈസികളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇപ്രകാരം ഫ്രാഞ്ചൈസികളാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) കേന്ദ്ര ഗവൺമെന്റ് റേഷൻ അരിയുടെ വില കുത്തനെ വർദ്ധിപ്പിച്ചതിനെതുടർന്ന് റേഷൻ അരി വാങ്ങുന്നത് ആകർഷകമല്ലാതെ വന്നതിനാൽ ഓഫ്ടേക്ക് ഗണ്യമായി കുറഞ്ഞു പോയിട്ടുണ്ട് എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംസ്ഥാനത്തെ പൊതു വിതരണത്തെ തകർക്കാതിരിക്കുവാനായി, സംസ്ഥാന ഗവൺമെന്റ് സബ്സിഡി നല്കി വരുന്നുണ്ട്.

(ബി) ഇല്ല. ഇപ്പോൾ തന്നെ രണ്ടായിരത്തിൽപരം തെരഞ്ഞെടുക്കപ്പെട്ട റേഷൻ ഷോപ്പുകളിലൂടെ പലവ്യജ്ഞനവും പയറുവർഗ്ഗങ്ങളും മറ്റും വിതരണം ചെയ്തുവരുന്നുണ്ട്. ഇതിനുള്ള സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷനാണ് നല്കി വരുന്നത്. റേഷൻ ഷോപ്പുകാർ തയാറുള്ള പക്ഷം ഇത് കൂടുതൽ റേഷൻ കടകളിലേക്ക് വ്യാപിപ്പിക്കുവാൻ തയ്യാറാണെന്ന് അവരുടെ പ്രതിനിധികളെ അറിയിച്ചിട്ടുണ്ട്. റേഷൻ സാധനങ്ങൾ ഒഴികെയുള്ള മറ്റു അവശ്യ സാധനങ്ങളും റേഷൻ ഷോപ്പുകാർക്ക് വില്ക്കാവുന്നതാണെന്നും വ്യക്തമാക്കിക്കൊണ്ട് 6-6-2000-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) തല്ക്കാലം ഇല്ല.

പഞ്ചസാര വാങ്ങിയതിലെ ക്രമക്കേടുകൾ

21 (*21) ശ്രീ. ഇ. എം. അഗസ്തി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷനു വേണ്ടി വാങ്ങിയ പഞ്ചസാര മറിച്ചു വിറ്റ സംഭവം ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എപ്പോഴെല്ലാം ;

(ബി) എത്ര ലോഡു വരുന്ന എത്ര ടൺ പഞ്ചസാരയാണ് മറിച്ച് വില്ക്കപ്പെട്ടതെന്ന് വെളിപ്പെടുത്താമോ ;

(സി) ഇതിന്റെ വാങ്ങിയ വില എത്രയാണ് ;

(ഡി) ഈ കോർപ്പറേഷൻ വാങ്ങുന്ന സാധനങ്ങളുടെ വിവരങ്ങളും അത് എവിടെയെല്ലാം എത്തിച്ച സ്റ്റേക്ക് ചെയ്തു എന്ന വിവരങ്ങളും കമ്പ്യൂട്ടർ മുഖേന മോണിട്ടർ ചെയ്യാൻ സംവിധാനമുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എവിടെയെല്ലാം ഇതിനുള്ള സംവിധാനമുണ്ട് ;

(എഫ്) ഈ സംവിധാനം ഉപയോഗിച്ച് പഞ്ചസാര നിർദ്ദിഷ്ടസ്ഥാനത്ത് എത്താത്ത വിവരം അറിയാതിരുന്നതിനുള്ള ഉത്തരവാദിത്വം കോർപ്പറേഷന്റെ ഏതെല്ലാം ഉദ്യോസ്ഥാന്മാർക്കാണെന്ന് വെളിപ്പെടുത്തുമോ ;

(ജി) അവരുടെ മേൽ എന്ന്, എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(എച്ച്) പഞ്ചസാര മറിച്ചു വിറ്റതുമൂലം ഗവൺമെന്റിനുണ്ടായ നഷ്ടം ഈടാക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചു; വിശദാംശം വെളിപ്പെടുത്തുമോ ?

ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) പഞ്ചസാര ഉല്പാദിപ്പിക്കപ്പെടുന്ന സംസ്ഥാനങ്ങളിലെ മില്ലുകളിൽ നിന്നും, കേന്ദ്ര ഗവൺമെന്റിന്റെ അലോട്ടുമെന്റ് പ്രകാരം എടുത്ത് പൊതുവിതരണത്തിനായി താലൂക്ക് ഡിപ്പോകൾ വരെ എത്തിക്കുന്ന ചുമതല സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനാണ്. കോർപ്പറേഷൻ ഈ ജോലി ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടർമാർ മുഖേനയാണ് ചെയ്തു വരുന്നത്. ഈ ജോലിയിൽ ഏർപ്പെട്ടിരുന്ന രണ്ട് കോൺട്രക്ടർമാർ 1999 ജൂലൈ, ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലെ ലെവി/ഫ്രീസെയിൽ പഞ്ചസാര മില്ലുകളിൽ നിന്നും എടുത്തതിൽ ഒരു ഭാഗം ഡിപ്പോകളിൽ എത്തിക്കാതെ അപഹരിച്ചു മറിച്ചു വിറ്റതായ ഒരു സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതറിഞ്ഞ ഉടനെ ഇതിനുത്തരവാദികൾ ആയവർക്കെതിരെ സിവിലായും ക്രിമിനലായും നടപടി എടുത്തിട്ടുണ്ട്. നഷ്ടമായ പഞ്ചസാരയുടെ വില ഈടാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

(ബി) ഏകദേശം 88 ലോഡ് വരുന്ന 875.4 ടൺ പഞ്ചസാര.

(സി) 101 ലക്ഷം രൂപ.

(ഡി & ഇ) സിവിൽ സ്പ്ലൈസ് കോർപ്പറേഷന്റെ താലൂക്ക്തല ഡിപ്പോകൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടില്ല. അതിനാൽ താലൂക്ക് ഡിപ്പോ തലത്തിൽ സാധനങ്ങളുടെ വരവ് മോണിട്ടർ ചെയ്യാൻ കമ്പ്യൂട്ടർ ശൃംഖല വഴി സാധ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കമ്പ്യൂട്ടർ ശൃംഖല വഴി സാധനങ്ങളുടെ ലിഫ്ടിംഗും വരവും മോണിട്ടർ ചെയ്യാനുള്ള സംവിധാനം ആയിട്ടില്ല. എന്നിരുന്നാലും കോൺട്രാക്ടർക്ക് ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് നല്കുന്നതിനു മുമ്പായിട്ടെങ്കിലും ലിഫ്ടിംഗ് അനുസരിച്ച് സാധനങ്ങൾ ഡിപ്പോകളിൽ എത്തിയിട്ടുണ്ടോ എന്ന കാര്യം അതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ ഉറപ്പു വരുത്തേണ്ടതാണ്. ഇത് അറിയുവാനുള്ള സംവിധാനം കമ്പ്യൂട്ടറിന്റെ സഹായമില്ലാതെ തന്നെ ഉണ്ട്. ഇതിന്റെ ഉത്തരവാദിത്തം പഞ്ചസാരയുടെ ചുമതലയുള്ള കമ്പനി സെക്രട്ടറി, അഡീഷണൽ ജനറൽ മാനേജർ (ഫൈനാൻസ്), ബന്ധപ്പെട്ട അസിസ്റ്റന്റ് മാനേജർ, അസിസ്റ്റന്റുമാർ എന്നിവർക്കാണ്.

(ജി) മാനേജിംഗ് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് 18-12-1999-ൽ കോൺട്രാക്റ്റിൽ നിന്നും കോർപ്പറേഷന് നഷ്ടമായ തുക ഈടാക്കുവാൻ റവന്യൂ റിക്കവറി നടപടി ആരംഭിച്ചു. എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 905/99, 30/2000 എന്നീ രണ്ട്ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തു. 31-3-2000-ൽ ഭക്ഷ്യമന്ത്രിക്ക് ഇതെപ്പറ്റി റിപ്പോർട്ട് ലഭിച്ച ഉടൻതന്നെ സിവിൽ സപ്ലൈസ് കമ്മീഷണർക്ക് ഈ സംഭവത്തെപ്പറ്റി വിശദമായ അന്വേഷണം നടത്തുന്നതിനും കോർപ്പറേഷനിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്മാർക്ക് ഈ സംഭവത്തിൽ കൈയുണ്ടോ എന്ന കാര്യം പ്രത്യേകം അന്വേഷിക്കണമെന്നും നിർദ്ദേശം നല്കുകയുണ്ടായി. കോർപ്പറേഷനിലെ ഇന്റേണൽ ഓഡിറ്റ് വിഭാഗവും വിജിലൻസ് ആഫീസറും നടത്തിയ അന്വേഷണത്തിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥന്മാർ അവരുടെ ചുമതലയിൽ വീഴ്ച വരുത്തിയതായി കാണപ്പെട്ടു.

(1) ശ്രീ. കെ. വിനയചന്ദ്രൻ, അഡീഷണൽ ജനറൽ മാനേജർ (ഫൈനാൻസ്)

(2) ശ്രീ. കെ. രവീന്ദ്രകുമാർ, കമ്പനി സെക്രട്ടറി

(3) ശ്രീ. എം. ജോസഫ് മാത്യു, അസിസ്റ്റന്റ് മാനേജർ

(4) ശ്രീ. വി. കെ. തോമസ്, സീനിയർ അസിസ്റ്റന്റ്

(5) ശ്രീ. രമേശ് ബാബു, സീനിയർ അസിസ്റ്റന്റ്

(6) ശ്രീ. അബ്ദുൾ ജലീൽ "

(7) ശ്രീമതി കെ. വത്സല " (2)

12-5-2000-ൽ കൂടിയ ഡയറക്ടർ ബോർഡ് യോഗം അന്നുവരെ ലഭിച്ച റിപ്പോർട്ടുകൾ വിലയിരുത്തിയശേഷം മേൽ പറഞ്ഞ ഉദ്യോഗസ്ഥന്മാരെ ജോലിയിൽ നിന്നും മാറ്റി നിറുത്തി ശിക്ഷാ നടപടി കൈക്കൊള്ളാൻ തീരുമാനിച്ചു. കേസ് അന്വേഷണം ഊർജ്ജിതപ്പെടുത്തുന്ന കാര്യം, ഭക്ഷ്യമന്ത്രി, മുഖ്യമന്ത്രിയുമായി നേരിട്ട് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ പോലീസ് ഒരു പ്രത്യേക ക്രൈം ഡിറ്റാച്ചുമെന്റ് രൂപീകരിച്ച് അന്വേഷണം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. പ്രതികളിൽ മൂന്നുപേരെ ഇതിനകം അറസ്റ്റു ചെയ്തു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) റവന്യൂ റിക്കവറി പ്രകാരം പ്രതികളിൽ നിന്നും (അവരുടെ അവകാശികളുടെ ഉൾപ്പെടെ) നഷ്ടം ഈടാക്കുവാൻ റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചു. റിക്കവറി നടപടി സ്റ്റേ ചെയ്യാനുള്ള അപേക്ഷ ഗവൺമെന്റ് നിരസിച്ചു. തുടർന്ന് അവർ ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഉത്തരവ് നേടിയിട്ടുണ്ട്. അതൊഴിവാക്കിക്കിട്ടുവാനുള്ള നീക്കം ഗവൺമെന്റ് ഭാഗത്തു നിന്നും കൈക്കൊണ്ടു വരികയാണ്. കൂടാതെ പ്രതികളുടെ ബാങ്ക് ഗാരന്റി കണ്ടുകെട്ടുകയും ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് ഇനത്തിൽ കൊടുക്കേണ്ടുന്ന മറ്റു തുക പിടിച്ചു വയ്ക്കുകയും ചെയ്തിട്ടുണ്ട്.

ഇക്കോ ടൂറിസം വികസനം

22 (*22) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് ഇക്കോ ടൂറിസം നടപ്പിലാക്കുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇക്കോ ടൂറിസം വികസനം സംസ്ഥാനത്തെ എല്ലാ ടൂറിസ്റ്റ് മേഖലയിലേയ്ക്കും വ്യാപിപ്പിക്കുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ഉൾനാടൻ ജലമാർഗ്ഗങ്ങളും കായലുകളും സംയോജിപ്പിച്ചു കൊണ്ടുള്ള വിനോദസഞ്ചാര പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കുമോ ?

ഭക്ഷ്യ-വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) സംസ്ഥാനത്ത് ഇക്കോ ടൂറിസം പദ്ധതികൾ ശാസ്ത്രീയാടിസ്ഥാനത്തിൽ തുടങ്ങിയിട്ടേയുള്ളു. ഇക്കോ ടൂറിസം പദ്ധതികൾക്ക് രൂപ കല്പ്പന നല്കുന്നതിനു ഒരു പുതിയ വിഭാഗം രൂപീകരിച്ച് ഇക്കോ ടൂറിസം ഡയറക്ടറെ നിയമിച്ചിട്ടുണ്ട്. പദ്ധതി പ്രാവർത്തികമാക്കുന്നതിന്റെ മുന്നോടിയായി കൊല്ലം, പത്തനംതിട്ട ജില്ലകളിലെ മലയോര പ്രദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് തെന്മല കേന്ദ്രീകരിച്ച് ഒരു ഇക്കോ ടൂറിസം വികസന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി " തെന്മല ഇക്കോ ടൂറിസം പ്രമോഷൻ സൊസൈറ്റി" എന്ന പേരിൽ ഒരു സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ടൂറിസം, ജലസേചനം, വനം എന്നീ വകുപ്പുകളുടെ പൂർണ്ണ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഈപദ്ധതിയുടെ ആദ്യ ഘട്ടം ഈ വർഷം അവസാനം പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേരളത്തിലെ വന്യജീവി സങ്കേതങ്ങളിലും അതുപോലെ മറ്റ് അനുയോജ്യമായ സ്ഥലങ്ങളിലും ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംവിധാനം ആലോചനയിൽ ഉണ്ട്.

(ബി) ഉണ്ട്. കായൽ ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി പമ്പാ, കുട്ടനാട് ഭാഗത്ത് ബോട്ട് ടെർമിനലുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly